പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 640 | 30.06.2016-ൽ മറുപടിക്ക്.

## അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിയമ പരിരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര ഗാർഹിക തൊഴിലാളികളുണ്ട് എന്നും ഇവരുടെ തൊഴിൽ നിയമ പരിരക്ഷയ്ക്ക് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് എന്നും വ്യക്തമാക്കുമോ;<br><br>(ബി) ഇവർക്ക് മിനിമം കൂലിയും മറ്റു തൊഴിൽ പരിരക്ഷയും ലഭിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം; | (എ) & (ബി) കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിലവിൽ 12,444 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. കൂടാതെ 09.03.2010-ലെ സ.ഉ. (എം.എസ്) നമ്പർ 32/2010/തൊഴിൽ വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ പുതുക്കി നിശ്ചയിക്കുന്നതിന്റെ അന്തിമഘട്ട നടപടികൾ പുരോഗമിക്കുന്നു. |
| (സി) ഇല്ലെങ്കിൽ ഇവർക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കും വിശദമാക്കുമോ; | (സി) മിനിമം വേതനം നിഷേധിച്ചതുമായി ബന്ധപ്പെട്ട് ഗാർഹിക തൊഴിലാളികൾ നൽകുന്ന പരാതികളിന്മേൽ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ പരിശോധിച്ച് പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) സംസ്ഥാനത്ത് ടെക്സ്റ്റയിൽ മേഖല ഉൾപ്പെടെ സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്ന അസംഘടിതമേഖല കളിലെ തൊഴിൽ ചൂഷണം, തൊഴിൽ നിയമപരിരക്ഷ ലഭ്യതയില്ലായ്മ എന്നീ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കുകയും 16.09.2015-ലെ ജി.ഒ. |

(ഇ) എങ്കിൽ ഇത്തരം അസംഘടിത മേഖലാ തൊഴിലാളികളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

(പി) നമ്പർ 134/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകണമെന്നും ആവശ്യമായ വിശ്രമസ്ഥലം നൽകണമെന്നും, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ലാട്രിൻ/ യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇരുപതും അതിൽ കൂടുതലും സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും 50-ൽ കൂടുതൽ സ്ത്രീ/ പുരുഷ ജോലിക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യമായി താമസ സൗകര്യം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഉറപ്പു വരുത്തുവാനും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 18.06.2016-ൽ കേരളത്തിലെ എല്ലാ ജില്ലകളിലെയും ടെക്സ്റ്റൈയിൽ ഷോപ്പുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്തുകയും കണ്ടെത്തിയ തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ